milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO:MRU:P&I:153.Scholarship:2024-25/394 02.09.2024

സർക്കുലർ നമ്പർ 07/2024

വിഷയം:- ക്ഷീരോൽപാദകരുടെ കുട്ടികൾക്ക് മേഖലാ യൂണിയനിൽ നിന്ന് 2024-25 വർഷം സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- മലബാർ മേഖലാ യൂണിയൻ ഭരണ സമിതിയുടെ 25.11.2022 തിയ്യതിയിൽ കൂടിയ യോഗത്തിന്റെ 44/(P&I)/13-ാം നമ്പർ തീരുമാനം.

മലബാർ മേഖലാ യൂണിയനിൽ അംഗങ്ങളായിട്ടുള്ള ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ അംഗങ്ങളായ, ക്ഷീരോൽപ്പാദകരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പദ്ധതിയുണ്ട്. അപേക്ഷാ തീയ്യതിയ്ക്ക് തൊട്ടുമുമ്പുള്ള മൂന്ന് മാസം ക്ഷീര സംഘത്തിൽ ചുരുങ്ങിയത് 300 ലിറ്റർ പാലെങ്കിലും നൽകിയ ക്ഷീര കർഷകരുടെ മക്കൾക്ക് ഡിഗ്രി, സാങ്കേതിക വിദ്യാഭ്യാസം, ബിരുദാനന്തര ബിരുദം/പി.എച്ച്.ഡി എന്നീ കോഴ്സുകൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ **(Form-H1)** അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. **ബിരുദ വിദ്യാഭ്യാസത്തിന്**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും 2 കുട്ടികൾ എന്ന കണക്കിൽ 12 കുട്ടികൾക്ക്** പ്രതിവർഷം 5000 രൂപ വീതം 3 വർഷത്തേക്ക്.

2. **സാങ്കേതിക വിദ്യാഭ്യാസം / പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് (KEAM/NEET പ്രോസ്പെക്റ്റസ്സിൽ ലിസ്റ്റ് ചെയ്ത കോഴ്സ്സുകൾക്ക് മാത്രം)**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും 2 കുട്ടികൾ എന്ന കണക്കിൽ 12 കുട്ടികൾക്ക്** പ്രതിവർഷം 7500 രൂപ വീതം 4 വർഷത്തേക്ക്.

3. **ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് / പി.എച്ച്.ഡി കോഴ്സ്സുകൾക്ക്**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും 2 കുട്ടികൾ എന്ന കണക്കിൽ 12 കുട്ടികൾക്ക്** പ്രതിവർഷം 10,000 രൂപ വീതം 2 വർഷത്തേക്ക്.

2024 മാർച്ച്/ഏപ്രിൽ/മെയ് മാസങ്ങളിൽ ആവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടുകയും, 2024-25 അദ്ധ്യയന വർഷത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ നിന്ന് ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ചവർക്കായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്. നിർദ്ദിഷ്ട അപേക്ഷാ ഫോറം **(Form-H1)** അതാത് ജില്ലാ/പി ആന്റ് ഐ സബ് യൂണിറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയും, ഗസറ്റഡ് ഓഫീസർ/പി ആന്റ് ഐ യൂണിറ്റ് ഹെഡ്/സബ് യൂണിറ്റ് ഹെഡ് സാക്ഷ്യപ്പെടുത്തിയ അനുബന്ധ സർട്ടിഫിക്കറ്റുകളും സഹിതം 31.10.2024-തീയ്യതിയ്ക്കകം ബന്ധപ്പെട്ട പി&ഐ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ആവശ്യമായ പ്രചരണം നൽകി അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് സംഘം മുൻകൈ എടുക്കണമെന്ന് താത്പര്യപ്പെടുന്നു.

**മാനേജിംഗ് ഡയറക്ടർ**

**എല്ലാ അംഗ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും**

**പകർപ്പ് - നടപടികൾക്കായി**

എല്ലാ ജില്ലാ പി ആന്റ് ഐ/ സബ് യൂണിറ്റ് മേധാവികൾക്കും } അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകൾ ഹെഡ്ഡ് ഓഫീസിൽ 06.11.2024 തീയ്യതിയ്ക്കകം ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്.

**പകർപ്പ് - അറിവിലേയ്ക്കായി**

(1) ജനറൽ മാനേജർ
(2) മാനേജർ പി ആന്റ് ഐ
(3) എല്ലാ വകുപ്പ് മേധാവികൾക്കും
(4) സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
(5) എല്ലാ ഡെയറി മാനേജർമാർക്കും
(6) മാനേജർ, എം.പി.എഫ് പ്രൊജക്ട്
(7) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(8) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(9) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
(10) www.mrcmpu.com/E-Stock Files.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.
No. D 89 (D)
H.O.
Calicut